SET B

# ആത്യന്തിക വിലയിരുത്തൽ - III 2025-26

## മാതൃകചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

**ക്ലാസ് : X** | **സമയം: 1½ മണിക്കൂർ**
**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **A അല്ലെങ്കിൽ B** എന്നതരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1=4)**

**1.** "ചുറ്റും നിനച്ചുറങ്ങിയ കാട്ടുമുയലിന്
വലവെറും പുല്ലും."
(ഏട്ടക്കൂരി)

വരികളിലെ ആശയവുമായി യോജിക്കുന്ന വാക്യമേത്?

**A.** ജാഗ്രതയോടെ ജീവിച്ചാൽ ആപത്തുകളെ തരണം ചെയ്യാം.
**B.** നിസ്സാരമായ വലയെ പോലും കാട്ടുജീവികൾ ഭയപ്പെടുന്നു.
**C.** സ്വപ്നജീവികൾ എളുപ്പം വലയിലകപ്പെടും.
**D.** കാട്ടുമുയൽ എപ്പോഴും പുല്ല് സ്വപ്നം കാണുന്നു.

**2.** പിരിച്ചെഴുതിയ പദങ്ങളിൽ ശരിയായത് ഏത്?

**A.** മഞ്ഞച്ചായം - മഞ്ഞ, ച്ചായം
**B.** ഒറ്റത്തട്ട് - ഒറ്റ, തട്ട്
**C.** നോക്കിപ്പോയി - നോക്കി, പോയി
**D.** ചിലയനുഭവങ്ങൾ - ചില, യനുഭവങ്ങൾ

**3.** 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ' എന്ന ഈ നാടകം അക്കാലത്ത് ഒരാറ്റംബോംബായിരുന്നു. (ചരിത്രം രചിച്ച നാടകം)
ഈ നിരീക്ഷണത്തോട് യോജിക്കുന്ന പ്രസ്താവനകൾ ഏതെല്ലാം ?

i. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചുട്ടെരിച്ചു.
ii. സാമൂഹ്യ പരിഷ്കരണത്തിനെതിരെ അതിശക്തമായ നിലപാട് സ്വീകരിച്ചു.
iii. സ്ത്രീവിമോചനത്തിന് ചൂടും വെളിച്ചവും പകർന്നു.

**A.** എല്ലാം ശരിയാണ്.
**B.** ഒന്നും രണ്ടും ശരിയാണ്
**C.** രണ്ട് മാത്രം ശരിയാണ്

© State Assessment Cell - SCERT Kerala

D. ഒന്നും മൂന്നും ശരിയാണ്.

4. 'വിജ്ഞാനം പ്രസരിപ്പിക്കുന്നതിലൂടെ ജനജീവിതത്തെ മെച്ചപ്പെടുത്താനും കഴിയേണ്ടതുണ്ട്.' ഇവിടെ ജനജീവിതം എന്ന പദത്തിന്റെ വിഗ്രഹാർഥം എന്ത്?

A. ജനവും ജീവിതവും
B. ജനങ്ങളുടെ ജീവിതം
C. ജനം ജീവിതം എന്നിവ
D. ജനമാകുന്ന ജീവിതം

**5, 6 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ വീതം) (2 x 2 = 4)**

5. "കൂരിരുൾ ചുറ്റും വെട്ട-
മെന്നിയേ ഗ്രാമത്തിലെ-
ക്കൂരകൾ മയങ്ങുന്നൂ
ജന്നലിന്നങ്ങേപ്പുറം"
(വിഷുക്കണി)

വരികളിൽ സൂചിതമാകുന്ന സാമൂഹികാവസ്ഥ രണ്ടോ മൂന്നോ വാക്യത്തിൽ കുറിക്കുക.

6. (A) "കണ്മണിയെ കാണുവാനായ്
കൺ കൊതിച്ചുപോയി...
കൺ കൊതിച്ചുപോയി..."
(ഖൽബിലെ നിലാവ്)

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.

**അല്ലെങ്കിൽ**

(B) അർഥവ്യത്യാസം വരാതെ രണ്ടു വാക്യമായി എഴുതുക.

"വൈകുന്നേരങ്ങളിൽ മ്ലാനത മൂടിക്കെട്ടിയ മുഖവുമായി കളിക്കാൻ കൂട്ടാക്കാതെ ജോസ് അനാഥാലയത്തിന്റെ നീണ്ട നടശാലയുടെ പടികളിൽ ചടഞ്ഞുകൂടുമ്പോൾ സ്നേഹത്തിന്റെ വെളിച്ചവുമായി അവന്റെ വിഷമതകൾ ആരാഞ്ഞ് ഫാദർ ഫ്രാൻസിസ് അരികിലെത്തും."

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം) (5 x 5 = 25)**

7. 
- "അടുപ്പത്തെ പണി പഠിക്കാണ്ട് പറ്റൂല ഫിസേ"
- "ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല... കുടുംബത്തെ ആണുങ്ങക്ക് വാസ്ക്ക് രുചിയായി വല്ലതും വച്ചുണ്ടാക്കാ. കുട്ട്യോൾടേം മക്കൾടേം കാര്യം നോക്കാ, അത്രന്നെ പെണ്ണുങ്ങക്ക് പറഞ്ഞ പണി..." (ചിത്രകാരി)

ഫിസയോടുള്ള ഉമ്മയുടെ സമീപനം ഇത്തരത്തിലായത് എന്തുകൊണ്ടാവും? കഥയും സമകാലിക കുടുംബസാഹചര്യങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala

**8.** “എങ്കിൽ തളരാതെ പറന്നുയരിൻ... കുഞ്ഞിച്ചിറക് വിടർത്തിപ്പോകിൻ...
പെരുവഴിയിരുളാണെങ്കിലും ഒന്നിച്ചു പറക്കുവിൻ... മിന്നിമിനുങ്ങും ഹൃദയത്തിൽ വെളിച്ചം
ഒന്നായൊഴുക്കുവിൻ...” (ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)
പക്ഷിശാസ്ത്രക്കാരൻ പകരുന്നത് ഒരുമയുടെയും സ്നേഹത്തിന്റെയും പാഠങ്ങളല്ലേ?
സൂചനയും പാഠഭാഗവും വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**9.** “ആ മലകൾക്കും കണ്ണിട്ടിട്ടുണ്ട്
കുത്തിവീണ കല്ലുകളെല്ലാം
വെളുത്ത ചോരകക്കുന്നു.”
(ഏട്ടക്കൂരി)
പ്രകൃതിചൂഷണത്തോടുള്ള കവിയുടെ അതിശക്തമായ പ്രതികരണമാണോ ഈ വരികളിൽ ആവിഷ്കരിച്ചിരിക്കുന്നത്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**10.** "മകനേ! എന്താ നീയിങ്ങനെ ഒറ്റയ്ക്കിരിക്കുന്നത് ? ഇങ്ങടുത്തു വരൂ, നിന്റെ മുഖത്ത് എന്താണൊരു വല്ലായ്മ! ഒന്നും ഒളിച്ചുവയ്ക്കാതെ എന്നോടു പറയൂ. കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ.”

“ഏതായാലും നീ ഭാവിയെ ഓർത്ത് വിഷമിക്കണ്ട. എല്ലാം നീ ആശിച്ചതുപോലെ ശരിപ്പെടും.”
(ആനന്ദാശ്രുക്കൾ)

പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് ഫാദർ ഫ്രാൻസിസ് എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ നിരൂപണം ചെയ്യുക.

**11.** **(A)** “ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെക്കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും ?” (എന്റെ ഭാഷ)

കവിയുടെ ഈ ചോദ്യത്തിന്റെ സമകാലികപ്രസക്തി എന്ത്?
മാതൃഭാഷയോടുള്ള വർത്തമാനകാല സമൂഹത്തിന്റെ സമീപനം പരിശോധിച്ച് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**(B)** “ഇന്ന് യുക്തിരാഹിത്യവും അശാസ്ത്രീയതകളും സമൂഹജീവിതത്തിൽ ആഴത്തിൽ വേരുകളിറക്കിയിരിക്കുന്നു. മതനിരപേക്ഷതയും സാമൂഹികനീതിയും ജനാധിപത്യവും വെല്ലുവിളികൾ നേരിടുകയാണ്.”
(വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും)

ലേഖകന്റെ ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിലപാട് വ്യക്തമാക്കുക.

© State Assessment Cell - SCERT Kerala

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**
**( 1x 7 = 7)**

**12. (A)** "ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ഛായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി."
(ചിത്രകാരി)



*ചിത്രം : ആയിഷ ഷഫ ഡി, പത്താം തരം*
*കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ*
*ഹയർ സെക്കണ്ടറി സ്കൂൾ*

ചിത്രകാരി എന്ന പാഠഭാഗവും തന്നിരിക്കുന്ന ചിത്രവും വിശകലനം ചെയ്ത് **ആവിഷ്കാരസ്വാതന്ത്ര്യം മൗലികാവകാശം** എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** "സമുദായത്തെ ബാധിച്ച വ്യാധിക്ക് ഒരു വിദഗ്ധനായ വൈദ്യനെപ്പോലെയാണ് വി. ടി. ചികിത്സ നടത്തിയത്. ദീർഘനിദ്രയിൽനിന്ന് സമുദായത്തെ ഉണർത്തുവാൻ ഒരു വിദ്യുൽപ്രസരംതന്നെ വേണമെന്ന് അദ്ദേഹം ഉറച്ചു."
(ചരിത്രം രചിച്ച നാടകം)

"സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമായ സമൂഹമാണ് എന്റെ മാതൃക. ഒരു ഭാഗത്തു നടക്കുന്ന മാറ്റം മറ്റു ഭാഗങ്ങളിലേക്കു വഹിക്കാൻ കഴിയുന്ന ചാനലുകൾ നിറഞ്ഞതും ചലനശക്തിയുള്ളതുമാവണം ഒരു മാതൃകാസമൂഹം."
(ഡോ. ബി. ആർ. അംബേദ്കർ)

സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹത്തിനായി പരിശ്രമിച്ചവരുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടോ? സമകാലിക സാമൂഹികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് **മാതൃകാസമൂഹനിർമ്മിതിയിൽ വിദ്യാർഥികളുടെ പങ്ക്** എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.



© State Assessment Cell - SCERT Kerala